**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1404** **03-02-2026 - ൽ മറുപടിയ്ക്ക്**

**കമ്മ്യൂണിറ്റി ബേസ്ഡ് ടൂറിസവും കേരള ടൂറിസത്തിന്റെ ആഗോള പ്രചാരവും**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ ജി എസ് ജയലാൽ ,<br>ശ്രീമതി സി. കെ. ആശ,<br>ശ്രീ. പി. ബാലചന്ദ്രൻ,<br>ശ്രീ ഇ ചന്ദ്രശേഖരൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി)** | |
| (എ) | പരമ്പരാഗത വൈജ്ഞാനിക-തൊഴിൽ മേഖലകളെ കമ്മ്യൂണിറ്റി ബെയ്സ്ഡ് ടൂറിസം പ്രോഡക്റ്റുകളാക്കി വികസിപ്പിച്ച് അന്താരാഷ്ട്രതലത്തിൽ പ്രചരിപ്പിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദീകരിക്കുമോ; | (എ) | പരമ്പരാഗത വൈജ്ഞാനിക തൊഴിൽമേഖലകളെ കമ്മ്യൂണിറ്റി ബെയ്സ്ഡ് ടൂറിസവുമായി ബന്ധപ്പെടുത്തി വിദേശരാജ്യങ്ങളിലടക്കം പ്രചാരം നടത്തി ടൂറിസ്റ്റുകളെ ആകർഷിക്കാൻ കേരളത്തിലെ റെസ്പോൺസിബിൾ ടൂറിസം പ്രവർത്തനങ്ങൾക്ക് കഴിഞ്ഞിട്ടുണ്ട്<br><br>ഇന്ത്യയിലാദ്യമായി പ്രസ്തുത പ്രവർത്തനം ആരംഭിച്ചത് കേരളത്തിലെ റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി ആണ്. പരമ്പരാഗത തൊഴിലുകളായ കയർ, കൈത്തറി, മൺപാത്രനിർമ്മാണം ,മത്സ്യബന്ധനം, കാർഷികപ്രവർത്തനങ്ങൾ ഇതുപോലെ തന്നെ പരമ്പരാഗത ഉത്സവങ്ങൾ, ആഘോഷങ്ങൾ,ഭക്ഷണ രുചിവൈവിധ്യങ്ങൾ ഇവയെല്ലാം കമ്മ്യൂണിറ്റി ബെയ്സ്ഡ് ടൂറിസത്തിന്റെ ഭാഗമായി പ്രവർത്തിപ്പിക്കുകയും അതിന്റെ ഭാഗമാക്കി മാറ്റി വിദേശസഞ്ചാരികളെ ആകർഷിക്കുന്നതരത്തിൽ രൂപകൽപന ചെയ്ത് വിപുലമാക്കാനും കേരളത്തിലെ റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിക്ക് കഴിഞ്ഞിട്ടുണ്ട്. കേരളത്തിലെ കമ്മ്യൂണിറ്റി ബെയ്സ്ഡ് ടൂറിസം പ്രവർത്തനങ്ങളുടെ നോഡൽ ഏജൻസിയായ കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റി ഈ രംഗത്ത് ലോകത്ത് ശ്രദ്ധേയമായ ഇടപെടലുകളാണ് നടത്തുന്നത്.<br><br>മുസിരിസ് പൈതൃക പദ്ധതിയുടെ ആഭിമുഖ്യത്തിൽ പരമ്പരാഗത വൈജ്ഞാനിക തൊഴിൽ മേഖലകളെ കമ്മ്യൂണിറ്റി ബെയ്സ്ഡ് ടൂറിസം പ്രൊജക്ടുകളാക്കി വികസിപ്പിച്ച് അന്താരാഷ്ട്ര തലത്തിൽ പ്രചരിപ്പിക്കുന്നതിന് ശ്രമിച്ചിട്ടുള്ളതാണ്. ഉദാഹരണമായി മുസിരിസ് പൈതൃക പദ്ധതിക്ക് |

| | | | |
|---|---|---|---|
| | | | കീഴിലുള്ള ചേന്ദമംഗലത്തെ പാലിയം കോവിലകവുമായി ബന്ധപ്പെട്ടു 10 കടമുറികൾ പ്രവർത്തിച്ച വരുന്നു. ഈ കടമുറികളിൽ ചേന്ദമംഗലത്തെ പരമ്പരാഗത വൈജ്ഞാനിക തൊഴിൽ മേഖലകൾ ആയിട്ടുള്ള പപ്പടം ഉണ്ടാക്കുന്ന രീതി, കൈകൾ ഉപയോഗിച്ച് കൊണ്ട് കലമുണ്ടാക്കുന്ന രീതി, ആല, സ്വർണ്ണപ്പണി, മരം കൊണ്ടുള്ള പരമ്പരാഗത തൊഴിൽ, പായ നെയ്ത്ത്, ചേന്ദമംഗലം കൈത്തറി എന്നിവ ഉൾപ്പെടുത്തിക്കൊണ്ട് ടൂറിസ്റ്റുകൾക്ക് ഡെമോ കാണിക്കത്തക്ക രീതിയിൽ ഗ്രാമത്തിന്റെ പരമ്പരാഗത വൈജ്ഞാനിക തൊഴിൽ മേഖലകളെ പ്രദർശിപ്പിച്ചിരിക്കുന്നു. |
| (ബി) | കമ്മ്യൂണിറ്റി ബെയ്സ്ഡ് ടൂറിസം പദ്ധതികളിൽ കളരി ഉൾപ്പെടെയുള്ള ആയോധനകലകളെയും പാരമ്പര്യ ചികിത്സാ രീതികളെയും ഉൾപ്പെടുത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ; | (ബി) | സംസ്ഥാനത്തിന്റെ തനതായ ആയോധനകലാരൂപങ്ങളുടെ പ്രചരണാർത്ഥം, കേരളത്തിന്റെ ചരിത്രവും പാരമ്പര്യവുമായി കളരിപ്പയറ്റിനുള്ള ആഴത്തിലുള്ള ബന്ധം, കളരിപ്പയറ്റിന്റെ ചരിത്രം, വിവിധ ശൈലികൾ, കളരിപ്പയറ്റ് കേന്ദ്രങ്ങളെ (കളരികൾ) കുറിച്ചുള്ള വിവരങ്ങൾ തുടങ്ങിയവ ഉൾക്കൊള്ളിച്ചുകൊണ്ട് കളരിപ്പയറ്റിനായി സമർപ്പിതമായ വെബ് പേജ് കേരള ടൂറിസത്തിന്റെ ഒഫീഷ്യൽ വെബ്സൈറ്റിൽ ലഭ്യമാണ്. കൂടാതെ കേരളത്തിന്റെ സമ്പന്നമായ സാംസ്കാരിക പൈതൃകത്തിന് മാറ്റുകൂട്ടുന്നതും ചരിത്ര പ്രാധാന്യമുള്ളതുമായ കലാരൂപങ്ങളെ സംബന്ധിച്ച് വീഡിയോകളും, ചിത്രങ്ങളും മറ്റ് വിവരങ്ങളും കേരള ടൂറിസം വെബ്സൈറ്റിൽ ലഭ്യമാണ്.<br><br>മുസിരിസ് പൈതൃക പദ്ധതിയുടെ ഭാഗമായുള്ള ടൂർ പ്രോഗ്രാമുകളിൽ ഈ പ്രദേശത്തെ പാരമ്പര്യ കലകൾ പ്രോത്സാഹിപ്പിക്കുന്നതിനും, സഞ്ചാരികൾക്ക് പരിചയപ്പെടുത്തുന്നതിനും കളരി ഉൾപ്പെടെയുള്ള ആയോധന കലകൾ ഉൾപ്പെടുത്തിയിട്ടുണ്ട്.<br><br>കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയിൽ രജിസ്റ്റർ ചെയ്ത് അംഗീകാരം ലഭിച്ചിട്ടുള്ള കളരി ഉൾപ്പെടെയുള്ള മറ്റ് ആയോധന കലകളും കമ്മ്യൂണിറ്റി ബെയ്സ്ഡ് ടൂറിസത്തിന്റെ ഭാഗമായി പ്രചരിപ്പിക്കപ്പെടുന്നു. |
| (സി) | കേരള ടൂറിസത്തിന്റെ പ്രചാരണത്തിനായി ഡിജിറ്റൽ മാർക്കറ്റിംഗ് വളരെ ഫലപ്രദമായി ഉപയോഗിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദീകരിക്കുമോ; | (സി) | കേരളത്തിന്റെ മനോഹാരിത കൂടുതൽ വിനോദസഞ്ചാരികളിലേക്ക് എത്തിക്കുവാൻ കേരള ടൂറിസം ഡിജിറ്റൽ മാർക്കറ്റിംഗ് വളരെ ഫലപ്രദമായി ഉപയോഗിക്കുന്നു. നൂതനമായ സോഷ്യൽ മീഡിയ മാർക്കറ്റിംഗിലൂടെ കേരളത്തിന്റെ ഉയർന്ന നിലവാരമുള്ള ചിത്രങ്ങൾ, ആകർഷകമായ വീഡിയോകൾ, ഉള്ളടക്കങ്ങൾ, എന്നിവ ഉപയോഗിച്ച് ഇൻസ്റ്റഗ്രാം, ഫേസ് ബുക്ക്, യു ട്യൂബ്, ടിറ്റർ തുടങ്ങിയ |

| | | | |
|---|---|---|---|
| | | | വിവിധ പ്ലാറ്റ് ഫോമുകളിലൂടെ കേരളത്തിന്റെ സൗന്ദര്യവും, സംസ്കാരവും അനുഭവങ്ങളും വിനോദസഞ്ചാരികളിലേക്ക് എത്തിക്കുന്നതിനായി സോഷ്യൽ മീഡിയ ക്യാമ്പയിനുകൾ വിനോദസഞ്ചാര വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. കൂടാതെ ഗൂഗിൾ ആഡ്സ്, സോഷ്യൽ മീഡിയ പരസ്യങ്ങൾ തുടങ്ങിയ പ്ലാറ്റ്ഫോമുകൾ വഴി ഓൺലൈൻ പരസ്യങ്ങൾ നൽകി കൂടുതൽ സഞ്ചാരികളിലേക്ക് കേരള ടൂറിസത്തിന് എത്തിച്ചേരുന്നതിനുള്ള പ്രചാരണ പരിപാടികളും വിനോദസഞ്ചാരവകുപ്പ് നടപ്പിലാക്കുന്നുണ്ട്. What's App Chatbot ഉപയോഗിച്ച് Holiday Heist Campaign പോലുള്ളInteractive ക്യാമ്പയിനുകളിലൂടെ വളരെ ഫലപ്രദമായ പ്രചാരണം വിനോദസഞ്ചാരവകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ മുസിരിസ് പൈതൃക പദ്ധതിക്ക് കീഴിലുള്ള വിവിധ മ്യൂസിയങ്ങളിലേക്ക് സഞ്ചാരികളെ ആകർഷിക്കുന്നതിനായി, സോഷ്യൽ മീഡിയ പ്ലാറ്റ്ഫോമുകൾ ഉപയോഗിച്ചുള്ള ഡിജിറ്റൽ മാർക്കറ്റിംഗ് പ്രവർത്തനങ്ങൾ വിജയകരമായി നടത്തിവരുന്നു. സഞ്ചാരികൾക്ക് വിവിധ ടൂറിസം കേന്ദ്രങ്ങളെക്കുറിച്ച് ഉള്ള വിവരങ്ങൾ ലഭ്യമാക്കുവാൻ നവീകരിച്ച മൊബൈൽ ആപ്പും സൗഹൃദപരവും വിവരദായകവുമായ വെബ്സൈറ്റും കേരള ടൂറിസം വകുപ്പ് പുറത്തിറക്കിയിട്ടുണ്ട്.<br><br>ഈ ഡിജിറ്റൽ മാർക്കറ്റിംഗ് തന്ത്രങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നതിലൂടെ കേരള ടൂറിസത്തിന് ലോകമെമ്പാടുമുള്ള വിനോദസഞ്ചാരികളെ ആകർഷിക്കുവാനും സംസ്ഥാനത്തെ ഒരു പ്രധാന യാത്രാ കേന്ദ്രമായി പ്രോത്സാഹിപ്പിക്കുന്നതിനും കഴിയുന്നു.<br><br>ഡിജിറ്റൽ മാർക്കറ്റിംഗ് കേന്ദ്രീകരിച്ചുകൊണ്ട് കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയുടെ നേതൃത്വത്തിൽ പ്രവർത്തനങ്ങൾ നടന്നുവരുന്നു. ഇതിനായി ഒട്ടേറെ നൂതന സംവിധാനങ്ങൾ, വീഡിയോകൾ, ഇ-ബ്രോഷറുകൾ എന്നിവ ഉപയോഗിച്ച് വരുന്നുണ്ട്. മോഡലുകളെ ഉൾപ്പെടുത്തിക്കൊണ്ട് തദ്ദേശീയ ഉൽപന്നങ്ങളും തദ്ദേശീയ പാക്കേജുകളും, ഫാം ടൂറിസം പ്രോഗ്രാമുകളും പ്രെമോട്ട് ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങളും നടന്നുവരുന്നുണ്ട്. |
| (ഡി) | ഡിജിറ്റൽ മാർക്കറ്റിംഗ് തന്ത്രങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നതിലൂടെ ലോകമെമ്പാടുമുള്ള വിനോദസഞ്ചാരികളെ ആകർഷിക്കുവാനും | (ഡി) | കേരളത്തിന്റെ മനോഹാരിത കൂടുതൽ വിനോദസഞ്ചാരികളിലേക്ക് എത്തിക്കുവാൻ കേരള ടൂറിസം ഡിജിറ്റൽ മാർക്കറ്റിംഗ് വളരെ ഫലപ്രദമായി |

| | | | |
|---|---|---|---|
| | അന്താരാഷ്ട്രതലത്തിൽ സംസ്ഥാനത്തെ ഒരു പ്രധാന യാത്രാ കേന്ദ്രമാക്കി മാറ്റുന്നതിനും കഴിഞ്ഞിട്ടുണ്ടോ; വിശദീകരിക്കുമോ? | | ഉപയോഗിക്കുന്നു. നൂതനമായ സോഷ്യൽ മീഡിയമാർക്കറ്റിംഗിലൂടെ കേരളത്തിന്റെ ഉയർന്ന നിലവാരമുള്ള ചിത്രങ്ങൾ, ആകർഷകമായ വീഡിയോകൾ, ഉള്ളടക്കങ്ങൾ എന്നിവ ഉപയോഗിച്ച് ഇൻസ്റ്റഗ്രാം, ഫേസ് ബുക്ക്, യു ട്യൂബ്, ട്വിറ്റർ തുടങ്ങിയ വിവിധ പ്ലാറ്റ് ഫോമുകളിലൂടെ കേരളത്തിന്റെ സൗന്ദര്യവും, സംസ്കാരവും അനുഭവങ്ങളും വിനോദസഞ്ചാരികളിലേക്ക് എത്തിക്കുന്നതിനായി സോഷ്യൽ മീഡിയ ക്യാമ്പയിനുകൾ വിനോദസഞ്ചാര വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ ഗൂഗിൾ ആഡ്സ്, സോഷ്യൽ മീഡിയ പരസ്യങ്ങൾ തുടങ്ങിയ പ്ലാറ്റ്ഫോമുകൾ വഴി ഓൺലൈൻ പരസ്യങ്ങൾ നൽകി കൂടുതൽ സഞ്ചാരികളിലേക്ക് കേരള ടൂറിസത്തിന് എത്തിച്ചേരുന്നതിനുള്ള പ്രചാരണ പരിപാടികളും നടപ്പിലാക്കുന്നുണ്ട്. What's App Chatbot ഉപയോഗിച്ച് Holiday Heist Campaign പോലുള്ള Interactive ക്യാമ്പയിനുകളിലൂടെ വളരെ ഫലപ്രദമായ പ്രചാരണം വിനോദസഞ്ചാരവകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്. കൂടാതെ സഞ്ചാരികൾക്ക് വിവിധ ടൂറിസം കേന്ദ്രങ്ങളെക്കുറിച്ച് ഉള്ള വിവരങ്ങൾ ലഭ്യമാക്കുവാൻ നവീകരിച്ച മൊബൈൽ ആപ്പും സൗഹൃദപരവും വിവരദായകവുമായ വെബ് സൈറ്റും കേരള ടൂറിസം വകുപ്പ് പുറത്തിറക്കിയിട്ടുണ്ട്.<br><br>മുസിരിസ് പൈതൃക പദ്ധതിയിലേക്ക് ലോകമെമ്പാടുമുള്ള സഞ്ചാരികളെ ആകർഷിക്കുന്നതിന് സോഷ്യൽ മീഡിയകളിലൂടെ പോസ്റ്ററുകളും വീഡിയോകളും ഉപയോഗിച്ചുള്ള സജീവമായ പ്രചാരണം നടത്തിവരുന്നു.<br><br>കേരള റെസ്പോൺസിബിൾ ടൂറിസം മിഷൻ സൊസൈറ്റിയുടെ നേതൃത്വത്തിൽ ഇന്ത്യയിലും വിദേശത്തുനിന്നുമുള്ള വിദഗ്ധരായ ടൂർ ഓപ്പറേറ്റർമാരെയും, ട്രാവൽ ഏജന്റുകളെയും, ബ്ലോഗേഴ്സിനെയും കേരളത്തിൽ എത്തിക്കുകയും വിവിധ കോൺഫറൻസുകളും കൾച്ചറൽ എക്സ്ചേഞ്ച് പ്രോഗ്രാമുകൾ സംഘടിപ്പിക്കുകയും ചെയ്തിട്ടുണ്ട്.<br><br>ഈ ഡിജിറ്റൽ മാർക്കറ്റിംഗ് തന്ത്രങ്ങൾ ഫലപ്രദമായി ഉപയോഗിക്കുന്നതിലൂടെ കേരള ടൂറിസത്തിന് ലോകമെമ്പാടുമുള്ള വിനോദസഞ്ചാരികളെ ആകർഷിക്കുവാനും സംസ്ഥാനത്തെ ഒരു പ്രധാന യാത്രാ കേന്ദ്രമായി പ്രോത്സാഹിപ്പിക്കുന്നതിനും കഴിയുന്നു. |

സെക്ഷൻ ഓഫീസർ